**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1060.** **01.03.2017 ന് മറുപടിയ്ക്ക്**

**വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, പി.ടി. തോമസ്<br>,, വി.ടി.ബൽറാം<br>,, അടൂർ പ്രകാശ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തെ ലഹരിവിമുക്തമാക്കുവാൻ രൂപം നൽകിയ വിമുക്തി പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കമോ; | (എ) | ദിനംപ്രതി വർദ്ധിച്ചുവരുന്ന മദ്യ-മയക്കുമരുന്നു വ്യാപനത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനും മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കു മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ - 'വിമുക്തി' രൂപീകരിച്ചിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയെന്നതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ ലക്ഷ്യം. |
| (ബി) | എത്രകോടി രൂപയാണ് ഈ പദ്ധതിക്ക് നീക്കിവച്ചിട്ടുള്ളതെന്നും ഇതിനകം എന്ത് തുക ചെലവഴിച്ചു വെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഈ പദ്ധതിക്ക് 7,28,95,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 10.11.2016 ലെ (ജി.ഒ. (എം.എസ്)99/16/നി.വ.) ആയതിൽ നിന്നും 5,09,55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | വിമുക്തി പദ്ധതിക്ക് പ്രത്യേക ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ; | (സി) | ഇല്ല. എക്സൈസ് വകുപ്പിന്റെ ബോധവത്ക്കരണ വിഭാഗത്തിലെ ഉദ്യോഗസ്ഥരെയും, സംവിധാനങ്ങളുമുപയോഗിച്ചാണ് വിമുക്തി മിഷൻ പ്രവർത്തിച്ചു വരുന്നത്. വിമുക്തി മിഷന് ഓഫീസ് ഏർപ്പെടുത്തുന്നതിനും തസ്തിക നിശ്ചയിക്കുന്നതിനുമുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം കൂടി വരുന്നതിന്റെ അടിസ്ഥാനത്തിൽ, വിമുക്തി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ? | (ഡി) | "വിമുക്തി" പദ്ധതി കാര്യക്ഷമമായാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ "വിമുക്തി" യുടെ പ്രവർത്തനങ്ങൾ കൂട്ടതൽ വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**